# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3838 25/06/2013- ൽ മറുപടിക്ക്**

**വിമാനത്താവളങ്ങളും തുറമുഖങ്ങളും കേന്ദ്രീകരിച്ച് ചെറുകിട വ്യവസായങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ഉബൈദുള്ള** | | **ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി** (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) | |
| (എ) | വിമാനത്താവളങ്ങളും തുറമുഖങ്ങളും കേന്ദ്രീകരിച്ച് ചെറുകിട വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് വ്യവസായ വികസന മേഖലകൾ രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ | (എ) | സംസ്ഥാന സർക്കാർ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതനുസരിച്ച് സംസ്ഥാനത്ത് തുറമുഖങ്ങളെയും വിമാനത്താവളങ്ങളെയും ബന്ധപ്പെടുത്തി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ സ്ഥലങ്ങളിൽ വ്യവസായ വികസന മേഖലകൾ സ്ഥാപിക്കാൻ പദ്ധതിയുണ്ട്. |
| (ബി) | എന്തെല്ലാം ഉൽപ്പന്നങ്ങളാണ് ഇവിടെ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ; | (ബി) | വിമാനത്താവളങ്ങളുടെയും തുറമുഖങ്ങളുടെയും അടിസ്ഥാന സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി കയറ്റുമതി ഉൾപ്പെടെ പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാക്കാത്ത എല്ലാത്തരം വ്യവസായങ്ങൾക്കും അവരുടെ ഉൽപ്പന്നങ്ങൾ നിർമ്മിക്കാൻ സാധിക്കുമെന്ന് കരുതുന്നു. |
| (സി) | ഇത്തരം സ്ഥാപനങ്ങൾ ആരംഭിക്കുന്നത് സംബന്ധിച്ച് ഏതെങ്കിലും കമ്പനികളുമായി പ്രാഥമിക ചർച്ച നടത്തിയിട്ടുണ്ടോ; ചർച്ചയുടെ വിശദാംശം നൽകുമോ; | (സി) | ഇല്ല. |
| (ഡി) | സംസ്ഥാനത്ത് അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു ട്രേഡ് ആൻറ് കൺവെൻഷൻ സെൻറർ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ അതിന്റെ പുരോഗതി വിശദീകരിക്കുമോ; | (ഡി) | കിൻഫ്രയുടെ കാക്കനാടുള്ള വ്യവസായ പാർക്കിൽ കേന്ദ്ര സ്ഥാപനമായ India Trade Promotion Organisation (ITPO) യുമായി ചേർന്ന് അന്താരാഷ്ട്ര നിലവാരമുള്ള ഒരു ട്രേഡ് & കൺവെൻഷൻ സെന്റർ സ്ഥാപിക്കാൻ പദ്ധതിയുണ്ട്. കൂടാതെ കിൻഫ്രയുടെ കളമശ്ശേരിയിലുള്ള ഹൈടെക്ക് പാർക്കിൽ അന്താരാഷ്ട്ര നിലവാരമുള്ള ഒരു ട്രേഡ് & കൺവെൻഷൻ സെന്റർ സ്ഥാപിക്കുന്നതിനു വേണ്ടി M/s Zoom Developers Pvt. Ltd. എന്ന കമ്പനിക്ക് 40 ഏക്കർ ഭൂമി കിൻഫ്ര അലോട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ